(ഇ) ഈ വിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി വികസന വകുപ്പു നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ മാസവും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംസ്ഥാനതലത്തിൽ പട്ടികജാതി വികസന ഡയറക്ടറും, വകുപ്പു സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താനായി സംസ്ഥാനതലത്തിൽ വകുപ്പു സെക്രട്ടറിയും ആസൂത്രണസാമ്പത്തികകാര്യവകുപ്പുസെക്രട്ടറിയും വകുപ്പുമന്ത്രിയും അവലോകനയോഗം നടത്താറുണ്ട്. ഇതുകൂടാതെ ജില്ലാതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാതല എസ്.സി/എസ്.റ്റി കമ്മിറ്റിയും, ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാൻ ബഹു.വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപദേശകസമിതികൾ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ അഭിവൃദ്ധിക്കായി ദാരിദ്ര്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസം, കുടിവെള്ളം, ഭൂമിയും വീടും ഇല്ലാത്തവരുടെ പുനരധിവാസം, പാർപ്പിടസൗകര്യം, ആരോഗ്യപരിപാലനസ്കീമും, സാമൂഹ്യക്ഷേമവും, സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുക വഴി ഇവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) ഇവരുടെ പുരോഗതിക്കുവേണ്ടിയുള്ള പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

കെ. എസ്. ഇ. ബി. യിൽ അധികമായി നൽകിയിട്ടുള്ള ശമ്പളം തിരിച്ചു പിടിക്കുന്ന നടപടി

23 (*353) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ പേ ഫിക്സേഷനിൽ എന്തെങ്കിലും അപാകത വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ഈ ഇനത്തിൽ എന്ത് തുക ജീവനക്കാർക്ക് അധികമായി ലഭിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധിച്ച് എന്ത് നടപടി എടുക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഇ) ഇതിന്മേൽ കെ. എസ്. ഇ. ബി. ഫുൾ ബോർഡ് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ജി) ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(എച്ച്) അധികമായി നൽകിയിട്ടുള്ള ശമ്പളം തിരിച്ചുപിടിക്കാനുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) 1997 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കെ. എസ്. ഇ. ബി. യിലെ പേ ഫിക്സേഷനിൽ അപാകതയുള്ളതായി പരാമർശിച്ചിട്ടുണ്ട്. തെറ്റായ ഫിക്സേഷൻ, ഇൻക്രിമെന്റ് അനുവദിക്കൽ തുടങ്ങിയവമൂലം അധികം ആനുകൂല്യം അനുവദിച്ചതായി പരാമർശമുണ്ട്.

(സി) ഓഡിറ്റ് റിപ്പോർട്ടിൻപ്രകാരം പരിശോധന നടത്തിയ കേസുകളിൽ 4.2 കോടി രൂപ അടിസ്ഥാന ശമ്പളമിനത്തിൽ അധികം നൽകിയതായി പരാമർശിക്കുന്നു.

(ഡി) ബോർഡ് ജീവനക്കാർ തെറ്റായ പേ ഫിക്സേഷൻ ഇൻക്രിമെന്റ് അനുവദിക്കൽ തുടങ്ങിയവമൂലം അധിക ആനുകൂല്യം പറ്റിയിട്ടുണ്ടെങ്കിൽ തിരിച്ചു പിടിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ശമ്പള പരിഷ്ക്കരണത്തിൽ അപാകത ഉണ്ടെന്ന ആക്ഷേപം ബോർഡ് യോഗം പരിശോധിച്ചു. ഇക്കാര്യത്തിൽ കൂടുതൽ വിവരം ബോർഡ് ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി) അന്തിമ തീരുമാനമൊന്നും ആയിട്ടില്ല.

(എച്ച്) ഇല്ല.

ലോക്കൗട്ട് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ സഹായിക്കാൻ പദ്ധതി

24 (*354) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly